● പഠനം

● ഡോ. മാജിദ് അർസാൻ കീലാനി

# മനുഷ്യ പ്രകൃതി: മതത്തിലും ശാസ്ത്രത്തിലും

**പരിണാമവാദത്തിനെതിരെ ഏഴ് ന്യായങ്ങൾ. മനുഷ്യൻ എന്നതിന് ഖുർആൻ ഉപയോഗിച്ച 'ബശർ' 'ഇൻസാൻ' എന്നീ പദങ്ങളുടെ അർഥാന്തരങ്ങളെക്കുറിച്ച് ആഴത്തിൽ ഒരു വിശകലനം.**

മനുഷ്യപ്രകൃതിയെയും അവയുടെ ശിക്ഷണ-വികാസങ്ങളെയും കുറിച്ച് ചർച്ചചെയ്യുന്ന വിദ്യാഭ്യാസ തത്വശാസ്ത്രത്തിന്റെ മൂലശിലയാണ് മനുഷ്യന്റെ അടിസ്ഥാനമെന്ത് എന്ന വിഷയം. ഇതേക്കുറിച്ച് മതത്തിന്റെ അഭിപ്രായത്തിന് നേർവിരുദ്ധമാണ് ആധുനിക ശാസ്ത്രത്തെ ആധാരമാക്കിയുള്ള തത്വശാസ്ത്രങ്ങളുടെ നിലപാട്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി (ഖൽഖ്)യാണെന്നാണ് മതവീക്ഷണം. ഇതര ജീവികളിൽ നിന്ന് തികച്ചും വ്യത്യസ്തമായ പ്രകൃതിയും വികാസഘട്ടങ്ങളുമാണ് മനുഷ്യന്റേത്. ഈ സൃഷ്ടി പ്രക്രിയയാണ് മനുഷ്യന്റെ സ്ഥാനം നിർണയിക്കുന്നതും അവന്റെ ശിക്ഷണത്തെയും വളർച്ചയെയും അവനുമായി എങ്ങനെ ഇടപഴകണമെന്നതും നിർണയിക്കുന്നത്.


എന്നാൽ, ആധുനിക ശാസ്ത്രത്തെ ആധാരമാക്കി നിലവിൽ വന്ന തത്വശാസ്ത്രങ്ങൾ, ഇതര ജീവികളിൽ നിന്ന് വ്യക്തമായി വേർതിരിക്കാൻ കഴിയാത്തവിധം, ഏറ്റവും താണ പടിയിൽ നിന്ന്, ദീർഘമായ വികാസപരിണാമപ്രക്രിയകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ഫലമായാണ് മനുഷ്യനെ നോക്കിക്കാണുന്നത്. എഴുന്നേറ്റുനടക്കുക, ഉപകരണ നിർമാണം, ആശയവിനിമയം, ബുദ്ധിസാമർഥ്യം മുതലായ, മനുഷ്യന്റെ ശാരീരിക സൃഷ്ടിപ്പുമായി ബന്ധപ്പെട്ട ചില ബാഹ്യയാഥാർഥ്യങ്ങളാണ് മനുഷ്യരെ ഇതര ജീവജാലങ്ങളിൽ നിന്ന് വേർതിരിക്കുന്നതെന്നാണ് ശാസ്ത്രമതം.

മനുഷ്യന്റെ അടിസ്ഥാനം സംബന്ധിച്ച് മതക്കാരും ശാസ്ത്രവാദികളും തമ്മിൽ നിലനിൽക്കുന്ന തർക്കം രണ്ട് കാര്യങ്ങളെ ആധാരമാക്കിയാണ്. (ഒന്ന്) മനുഷ്യ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട് പൂർവ്വ പിതാക്കളുടെ സംസ്കാരങ്ങൾ കൈമാറിത്തന്ന കേവല ധാരകളെ, ദിവ്യബോധനം സമർപ്പിച്ച മനുഷ്യസൃഷ്ടിയെക്കുറിച്ച കാഴ്ചപ്പാടായി അവതരിപ്പിച്ചു. യഥാർഥത്തിൽ, മനുഷ്യന്റെ അടിസ്ഥാനം 'ദൈവിക സൃഷ്ടി'യാണെന്ന് സ്ഥാപിക്കുന്ന ദൈവിക ഗ്രന്ഥങ്ങൾ പ്രസ്തുത സൃഷ്ട്രി പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ച വിശദാംശങ്ങൾ നൽകിയിട്ടില്ല. ഭൂമിയിലൂടെ സഞ്ചരിച്ച് അവ കണ്ടെത്തണമെന്നാണ് ദൈവിക നിർദ്ദേശം. 'നബിയേ! താങ്കൾ പറയുക. നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുക. എന്നിട്ട് സൃഷ്ടിപ്പ് എങ്ങനെയാണ് തുടങ്ങിയതെന്ന് നിങ്ങൾ നോക്കി മനസ്സിലാക്കുക' (അൽ അൻകബൂത്ത്:20) പക്ഷെ മതസ്ഥാപന മേധാവികൾ ഈ രീതി അവലംബിച്ചില്ല. യഹൂദ-ക്രൈസ്തവ വിഭാഗങ്ങൾ മുൻകാല വിഗ്രഹാരാധകരുടെ പാരമ്പര്യത്താൽ സ്വാധീനവിധേയരായി ചില ഊഹങ്ങളിൽ അകപ്പെട്ടു. പിന്നീട് വന്ന മുസ്‌ലിം വ്യാഖ്യാതാക്കളാകട്ടെ, മനുഷ്യൻ, പ്രപഞ്ചം, ജീവിതം എന്നീവിഷയകമായി പ്രചാരത്തിലുണ്ടായിരുന്ന ഇസ്‌റാഈലി കെട്ടുകഥകൾ സ്വീകരിച്ചു. സൈനിക ദിഗ്വിജയങ്ങൾക്കായി മുസ്‌ലിം സൈനികരെ തയ്യാ

റാക്കിയ നബി(സ) ശാസ്ത്രമേഖലയിലെ വിജയത്തിന്നായി ഇസ്‌ലാമിക ധിഷണയെയും തയ്യാറാക്കിയിരുന്നു എന്ന വസ്തുത മറന്നുകൊണ്ടായിരുന്നു ഇതെല്ലാം.(1)

(രണ്ട്) മക്കാ മേധാവികൾ ചെയ്ത അതേതെറ്റ് ശാസ്ത്രവാദികളും ചെയ്തു. ശരിയായ ദൈവികബോധന പ്രമാണങ്ങളെ അവർ അവഗണിച്ചു. അവനൽകുന്ന സൂചനകളെയും ഉൾക്കാഴ്ചകളെയും പരിശോധിച്ചറിയാൻ ശ്രമിക്കാതെ മനുഷ്യ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട മതത്തെ തെറ്റിദ്ധരിച്ചു.

ജൈവപരിണാമ പരമ്പരയിലെ ഏറ്റവും പുരോഗമിച്ച ജീവിയായി മനുഷ്യനെ



ഡാർവിൻ

തേടാനും, പിന്നെ തമ്പുകളും കൂരകളും നിർമിക്കാനും ആധുനിക കാലത്ത് വീടുകളും കൊട്ടാരങ്ങളും ഉണ്ടാക്കാനും അവനെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ദ്വിതീയമായി മേച്ചിലിടങ്ങളിലും താഴ്‌വരകളിലും അത് വളർന്ന് ഉല്ലാസകേന്ദ്രങ്ങളിലും ചുറ്റി സഞ്ചരിക്കാൻ പ്രേരിപ്പിച്ചു. ഇതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വേണ്ടി അവൻ നാഗരികതകളും സാങ്കേതിക വിദ്യയും നിർമിച്ചു. ഇവ രണ്ടും മനുഷ്യർ സാധിതമാക്കിയത് ഭാവനയെയും ചിന്തയെയും കൂട്ടുപിടിച്ചാണ്. ഒരു ഭാഗത്ത് അവൻ ഇതര വിശ്വാസങ്ങളിൽ നിന്നും സംസ്കാരങ്ങ

**മറ്റു ജീവികളെ പോലെ മനുഷ്യനും ജീവിയാണെങ്കിലും, ഇതര ജീവികളിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് മനുഷ്യന്റെ സവിശേഷതകൾ. മനുഷ്യർക്ക് ചികിത്സനിർദ്ദേശിക്കുന്ന വൈദ്യശാസ്ത്രവും, മൃഗവൈദ്യവും വെവ്വേറെയായത് തന്നെ മനുഷ്യരും ഇതര ജീവികളും തമ്മിലുള്ള അന്തരത്തെ അടിസ്ഥാനമാക്കിയാണല്ലോ'**

പരിഗണിച്ച ബ്രിട്ടീഷ് ജീവശാസ്ത്രജ്ഞൻ ഡാർവിനെയാണ് ആധുനിക ശാസ്ത്രം ഇവ്വിഷയകമായി അവലംബിക്കുന്നത്. എന്നാൽ, ജീവശാസ്ത്ര മേഖലയിൽ പിന്നീടുണ്ടായ നൂതന കണ്ടുപിടിത്തങ്ങളും ആശയങ്ങളും ഡാർവിന്റെ കാഴ്ചപ്പാടുകളെ ശക്തമായി നിരൂപണം ചെയ്യുന്നുണ്ടെന്നതാണ് വാസ്തവം. അവയിൽ പ്രധാനം താഴെ:

1) മനുഷ്യന്റെ ശരീരഘടനയും ഇതര ജീവികളിൽ നിന്ന് വ്യത്യസ്തമായി അത് നിർവഹിക്കുന്ന ജോലികളുടെ അന്തരവും. ചിന്ത, ആശയാവിഷ്കാരം, സ്വാതന്ത്ര്യബോധം മുതലായവ മനുഷ്യനിൽ പരമാവസ്ഥയിലെത്തുന്നു. ശാസ്ത്രജ്ഞനായ Rone Dubos ഇത് വിശദീകരിച്ചെഴുതുന്നു: 'എല്ലാ ജീവികളെയും പരസ്പരം ബന്ധിപ്പിക്കുന്ന ശരീര-രസതന്ത്ര ബന്ധം നിലനിൽക്കുന്നുണ്ടെന്ന വാദം മനുഷ്യവംശത്തിന്റെ കാര്യത്തിൽ പരാജയമാണ്. മറ്റു ജീവികളെ പോലെ മനുഷ്യനും ജീവിയാണെങ്കിലും, ഇതര ജീവികളിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് മനുഷ്യന്റെ സവിശേഷതകൾ. മനുഷ്യർക്ക് ചികിത്സനിർദ്ദേശിക്കുന്ന വൈദ്യശാസ്ത്രവും, മൃഗവൈദ്യവും വെവ്വേറെയായത് തന്നെ മനുഷ്യരും ഇതര ജീവികളും തമ്മിലുള്ള അന്തരത്തെ അടിസ്ഥാനമാക്കിയാണല്ലോ'(2)

2) മനുഷ്യൻ സ്വസ്ഥവും സുരക്ഷിതവും സുഖദായകവും നിർണിതവും അടഞ്ഞതുമായ ഒരിടം ആഗ്രഹിക്കുന്നു. അതോടൊപ്പം വിദൂര ചക്രവാളങ്ങളിൽ സ്വത്വസാക്ഷാൽകാരവും സ്വാതന്ത്ര്യ ബോധവും നൽകുന്നതും തുറന്നു കിടക്കുന്നതുമായ കാഴ്ചകളും അവൻ താൽപര്യപ്പെടുന്നു. ഭൂമിയിൽ മനുഷ്യൻ പിറന്നുവീണതുമുതൽ ഇന്നുവരെയും മേൽ രണ്ടാവശ്യങ്ങളും അവന്റെ കൂടെപ്പിറപ്പുകളായിരുന്നു. വിദൂര ഭൂതകാലങ്ങളിൽ ഒന്നാമത്തെ ആവശ്യം ആദ്യഘട്ടത്തിൽ ഗുഹകളിൽ അഭയം

ളിൽനിന്നും തന്നെ സംരക്ഷിക്കാനാവശ്യമായ ചിന്തകളിൽ വ്യാപൃതനാവുന്നു. അതോടൊപ്പം, തന്റെ ആദർശസംസ്കാരം ഭൂമിയിലൊന്നാകെ വ്യാപിപ്പിക്കാനായുള്ള ശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.(3) അതുകൊണ്ടുതന്നെ അവൻ വൈജ്ഞാനികമായി ഗവേഷണംചെയ്യുന്നു. സാംസ്കാരികമായി പുഷ്ടിപ്പെടുന്നു. ഉദ്ഭവം, ജീവിതം, പരിണാമം എന്നിവ സംബന്ധിച്ച് ചിന്തിക്കുന്നു.

3) മനുഷ്യേതര ജീവികളുടെ ജീവിതം ഭൗതികാവശ്യങ്ങൾ നേടിയെടുക്കുന്നതിൽ മാത്രം പരിമിതമാണ്. അതേസമയം താൻ വിശ്വസിക്കുന്ന മൂല്യങ്ങൾക്കോ, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കോ വേണ്ടി സ്വന്തം താൽപര്യങ്ങൾ ബലികഴിക്കാൻ മനുഷ്യൻ സന്നദ്ധനാണ്. ഈ ത്യാഗബോധം എല്ലാ മതങ്ങളുടെയും ചരിത്രത്തിൽ നമുക്ക് കാണാൻ കഴിഞ്ഞ സത്യമാണ്. ഈ ആത്മാർപണബോധം പ്രാഥമിക മതങ്ങളിൽ ഭീതിജനകമായ രൂപങ്ങളിലായിരുന്നുവെങ്കിലും ശ്രദ്ധേയവും കൃത്യവുമായ രൂപത്തിലായിരുന്നു. സ്വന്തം കാര്യങ്ങൾ നേടുക, ആവശ്യങ്ങൾ സാധിച്ചെടുക്കുക എന്നീ തത്ത്വങ്ങൾക്ക് വിരുദ്ധമാണ് ആത്മാർപ്പണം എന്ന തത്വം. താൽപര്യബോധമെന്നത് ജൈവികമാണ്. ത്യാഗബോധം മാനുഷികവും. താൽപര്യബോധം രാഷ്ട്രീയത്തിലെയും രാഷ്ട്ര സമ്പദ്ശാസ്ത്രത്തിലെയും ഒരു മൗലികാശയമാണെങ്കിൽ, ത്യാഗബോധം മതമൂല്യങ്ങൾ പ്രചോദിപ്പിക്കുന്ന മൗലികാശയമാണ്.

4) അജ്ഞാതവും അദൃശ്യവുമായ കാര്യങ്ങൾ അറിയാൻ പ്രകൃത്യാ മനുഷ്യൻ തൽപരനാണ്. മനുഷ്യജീവിതത്തിൽ മതവും കലയും പ്രസക്തമാവുന്നത് ഇതിനാലാണ്. മനുഷ്യൻ എപ്പോഴും യഥാർത്ഥമോ ഭാവനാസൃഷ്ടമോ ആയ മറ്റൊരു ലോകത്തേക്ക് നോക്കിക്കൊ

ണ്ടിരിക്കുന്നു. ഇത് മനുഷ്യന്റെ വികാസഘട്ടങ്ങളിലെവിടെയോ ഉണ്ടായ പ്രവണതയല്ല, പ്രത്യുത, അവനിൽ പ്രകൃത്യാ നിലീനമായ സ്വത്വവിശേഷമാണ്. മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യനും ഇതര ജീവികളും തമ്മിലുള്ള അന്തരം ശാരീരികമോ, ബൗദ്ധികമോ അല്ല. പ്രത്യുത, ആത്മീയമാണ്. അതിലൂടെ അവൻ മതപരമോ, മൂല്യപരമോ, കലാപരമോ ആയ മനഃസാക്ഷിയെ പ്രകാശിപ്പിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യൻ എഴുന്നേറ്റ് നടക്കാനും കൈകൾകൊണ്ട് പ്രവർത്തിക്കാനും, സംസാരിക്കാനും, ബുദ്ധി പ്രയോഗിക്കാനും തുടങ്ങിയത് മുതൽക്കാണ് ജീവി എന്ന അവസ്ഥയിൽ നിന്ന് മനുഷ്യനായതെന്ന ആധുനിക ശാസ്ത്രത്തിന്റെ വാദം സമ്മതിക്കാൻ നിവൃത്തിയില്ല. നിഷിദ്ധങ്ങളും വിലക്കുകളും പഠിപ്പിച്ച പ്രഥമ മതത്തിന്റെ ആവിർഭാവം മുതൽക്കാണ് മനുഷ്യൻ രംഗത്തുവന്നതെന്ന് സാരം.

5) മനുഷ്യൻ തന്റെ ജീവിതത്തിലേക്ക് പ്രകൃതിയുടെ പുത്രൻ എന്ന നിലയിലല്ല കടന്നുവന്നത്. പ്രകൃതിയിൽ നിന്ന് അന്യൻ എന്ന നിലയിലാണ്. അവന്റെ അടിസ്ഥാന ബോധം ഭയമാണ്. അത് പക്ഷെ ജീവികൾ അനുഭവിക്കുന്നതുപോലുള്ള ജൈവികമായ ഭയമല്ല, ആത്മീയവും പ്രാപഞ്ചികവും പ്രാഥമികവുമായ ഭയമാണ്. ഭയത്തോടൊപ്പം മനുഷ്യാസ്തിത്വത്തിന്റെ രഹസ്യങ്ങളറിയാനുള്ള ആകംക്ഷയും അവന്റെ പ്രത്യേകതയാണ്.

6) മനുഷ്യൻ തന്റെ ശാരീരിക പ്രകൃതിയോടും സ്ഥിതിസാഹചര്യങ്ങളോടും പൊരുതി നിരന്തരമായി പ്രവർത്തിച്ച് പുരോഗമിച്ചുകൊണ്ടേയിരിക്കുന്നു. അതേസമയം, ജീവികൾ അവയുടെ ജൈവ സാഹചര്യങ്ങളോട് പൊരുതുന്നില്ല. അവയെ വലയം ചെയ്ത പ്രകൃതിയുടെ പ്രതിഫലനത്തിന് വിധേയമാവുകയല്ലാതെ, പ്രകൃതിയിൽ അവയാതൊരു സ്വാധീനവും ചെലുത്തുന്നില്ല.

ഈ കാരണങ്ങളാലെല്ലാം, മനുഷ്യന്റെ മൗലികതയെ പറ്റി ഡാർവിൻ മുന്നോട്ടുവെക്കുന്ന ആശയങ്ങൾ പുനർവിചിന്തനമർഹിക്കുന്നു. മനുഷ്യന്റെ ജീവിതത്തിൽ മതത്തിന് തുടക്കമായതെങ്ങനെ എന്ന ചോദ്യത്തിനും അതിനുത്തരമില്ല.

7) മുമ്പുണ്ടായിരുന്നതിനേക്കാൾ ഭൗതിക വിഭവങ്ങൾ ലഭ്യമായിട്ടും മനുഷ്യന് സ്വയം പര്യാപ്തത തോന്നുന്നില്ലെന്നതും, ജീവിത-വിദ്യാഭ്യാസ നിലവാരങ്ങൾ ഉയർന്നിട്ടും ധൈഷണിക-മാനസിക രോഗങ്ങളും ആത്മഹത്യാ പ്രവണതകളും വർധിക്കുന്നതും ഇതര ജീവികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന് സവിശേഷ ആത്മീയാവശ്യങ്ങളുണ്ടെന്ന് വ്യക്തമാക്കുന്നു. പ്രപഞ്ചത്തിന്റെ അടിസ്ഥാനം സംബന്ധിച്ച ന്യൂട്ടന്റെ തിയറി തിരുത്താൻ ഐൻസ്റ്റീൻ വേണ്ടിവന്നതുപോലെ, ഡാർവിന്റെ തിയറിയെ പൊളിക്കാൻ വിഷാദാത്മകത്വ തത്വശാസ്ത്രം രംഗത്തുവരേണ്ടിവന്നു.


മനുഷ്യന്റെ അടിസ്ഥാനം സംബന്ധിച്ച ഈ ശാസ്ത്രാപഥസഞ്ചാരത്തിനു മുന്നിൽ വിദ്യാഭ്യാസ തത്വശാസ്ത്രജ്ഞരും, വിദ്യാഭ്യാസ സാമൂഹിക ശാസ്ത്രജ്ഞരും മനുഷ്യന്ന് പുതിയൊരു താത്ത്വിക നിർവചനം നൽകാൻ ശ്രമിക്കുകയുണ്ടായി. 1997-ൽ റെനറ്റ് കെയ്നും ജിയോഫ്റീകെയ്നും ചേർന്നെഴുതിയതും അമേരിക്കയിലെ വെർജീനിയ സംസ്ഥാനത്ത് പ്രസിദ്ധീകരിച്ചതുമായ Education one the edge of posibilityഎന്ന കൃതി ഈ വിഷയകമായ ഒരു പുനരാലോചന മുന്നോട്ട് വെക്കുന്നുണ്ട്. ഇരുവരും എഴുതുന്നു: 'വിദ്യാഭ്യാസത്തെയും സാമൂഹിക വ്യവസ്ഥയെയും ഭരിച്ചുകൊണ്ടിരിക്കുന്ന വിശ്വാസങ്ങളും അടിസ്ഥാന ചിന്തകളുമെല്ലാം പലചോദ്യങ്ങളും ഉയർത്തുന്നുണ്ട്.(5)

മനുഷ്യന്റെ യാന്ത്രികതയിലും ഭൗതികതയിലും ഊന്നിനിൽക്കുന്ന ആധുനിക വിദ്യാഭ്യാസ പ്രായോഗിക പദ്ധതികളെ നിരൂപണം ചെയ്യുന്ന രണ്ട് ഗവേഷകരും, മനുഷ്യന്റെ ഭൗതിക വളർച്ചയും സാമ്പത്തിക സ്ഥിരതയും ഉറപ്പുവരുത്തുക മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന കാഴ്ചപ്പാടിനെ ശക്തമായി ചോദ്യം ചെയ്യുന്നു. സാമ്പത്തികവും വ്യാപാരപരവുമായ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെങ്കിൽ, ജനാധിപത്യമൂല്യങ്ങൾ, ഷെക്സ്പിയറിന്റെയും പ്ലാറ്റോയുടെയും രചനകൾ, കവിത, കലകൾ, പ്രണയം, വികാരം, സർഗാത്മകത, ആത്മാവ്, ബുദ്ധി മുതലായവയെപറ്റി നാം എന്താണ് പറയുക? ശാസ്ത്രം ഇതിനൊന്നും മറുപടി പറയുന്നില്ല. ശാസ്ത്രത്തിന്റെ വീക്ഷണത്തിൽ, ഉപഭോഗവസ്തുക്കൾ ഉൽപാദിപ്പിക്കുന്ന യന്ത്രം മാത്രമാണ് മനുഷ്യൻ. ഈ വാദം അംഗീകരിക്കുന്നവർക്ക് ഉപഭോഗവസ്തു എന്ന നിലയിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല.(6) വിദ്യാഭ്യാസത്തിൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ ആധുനിക ജീവ-രസതന്ത്ര സാങ്കേതിക ശാസ്ത്രങ്ങൾ നമുക്ക് പരിചയപ്പെടുത്തിയ ജീവിതത്തിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു ജീവിതത്തിലേക്ക് നമ്മെ നയിക്കുന്ന വിദ്യാഭ്യാസം ആവശ്യമാണ്.(7) ഈ പുതിയ വിദ്യാഭ്യാസം മനുഷ്യജീവിതത്തിന് ഏറെ വിശാലവും അഗാധവുമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.(8) 'യന്ത്രമനുഷ്യനിൽ നിന്ന് ഉദ്ദിഷ്ടമനുഷ്യനിലേക്ക്' എന്ന അധ്യായത്തിൽ, ആധുനികവിദ്യാഭ്യാസം മനുഷ്യനെ ഭൗതിക ശരീരവും, മനുഷ്യ മസ്തിഷ്കത്തെ നാഡീഞരമ്പുകളുടെ സംഘാതവുമായി മാത്രം കാണുന്നു. ഈ വീക്ഷണം പഠിതാവിന്റെ ശേഷികളെ മരവിപ്പിച്ചു. അവനെ യന്ത്രം കണക്കെയാക്കി. എന്നാൽ, പുതിയ കാഴ്ചപ്പാട് (The New Paradigm) പാരമ്പര്യം കാഴ്ചപ്പാടിൽ നിന്ന് മുക്തിനേടി പഠിതാക്കളുടെ ബുദ്ധിയുടെയും തലച്ചോറിന്റെയും ജോലികൾക്ക് പുതിയ വ്യാഖ്യാനം നൽകുന്നു. ശരീര-മനഃശാസ്ത്ര രംഗത്ത് കഴിഞ്ഞ നൂറ്റാണ്ടുകളിലൂടെ ലഭ്യമായ വിവരങ്ങളെ ആധാരമാക്കിയാണ് ഇത് സാധ്യമായത്. മനുഷ്യന്റെ ശാരീരിക അസ്തിത്വം മാത്രം ഉറപ്പുവരുത്താനുതകുന്ന ജീവിത ശൈലിയിൽ കേന്ദ്രീകരിച്ച് പഠിപ്പിക്കുന്നതിന് പകരം മനുഷ്യന്റെ മൂലസ

ത്തയെ സംസ്കരിച്ച് പോഷിപ്പിക്കുന്നതിലാണ് ഈ കാഴ്ചപ്പാട് ഊന്നുന്നത്. മനുഷ്യനെ ഭാഗികമായി കാണുന്നതിന് പകരം സമഗ്ര അസ്തിത്വം എന്ന നിലയിലാണ് അത് കൈകാര്യം ചെയ്യുന്നത്.

ആധുനിക വിദ്യാഭ്യാസം നിലനിൽക്കുന്ന മനുഷ്യ പ്രകൃതിയെക്കുറിച്ച കാഴ്ചപ്പാട് മനുഷ്യന്റെ കാര്യത്തിൽ തികഞ്ഞ പരാജയമാണ്. കാരണം അത് മനുഷ്യന്റെ തലച്ചോറിന്ന് പരിമിത കഴിവുകളേ വകവെച്ചുകൊടുക്കുന്നുള്ളൂ. അതനുസരിച്ച് സവിശേഷസിദ്ധിയോ ശേഷിയോ ഇല്ലാത്ത കേവല യന്ത്രമാണ് തലച്ചോറ്. ഈ വീക്ഷണം ജീവിതത്തിന് ഭൗതികമാത്രമായ വ്യാഖ്യാനം നൽകുന്നു. തലച്ചോറിന്റെ പ്രവർത്തനമാണ് ബുദ്ധി എന്ന് വരുന്നു.

ആധുനിക വിദ്യാഭ്യാസം നിലനൽക്കുന്ന ഈ കാഴ്ചപ്പാട് Reductionism (ന്യൂനീകരണം) എന്ന മറ്റൊരു തത്ത്വത്തിലേക്ക് നയിക്കുന്നു. അതായത്, സങ്കീർണ പ്രതിഭാസം എന്ന നിലയിൽ മനുഷ്യന്റെ സ്ഥാനം കുറയുകയും, ഉപരിപ്ലവ സാധ്യതകൾ മാത്രമുള്ള ഭൗതിക ഘടകം എന്ന നിലയിൽ മനുഷ്യനെക്കുറിച്ച് പഠിപ്പിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യനെ കേന്ദ്രീകരിച്ച് നടത്തപ്പെട്ട എല്ലാ വിദ്യാഭ്യാസ-ശാസ്ത്രീയ ഗവേഷണങ്ങളും ഈ രീതിയിലാണ് കാര്യങ്ങൾ നോക്കിക്കാണുന്നത്. തന്നെയുമല്ല, മനുഷ്യന്റെ മാനസികവും ആത്മീയവുമായ വേരുകളെ അവഗണിച്ച് മരുന്നും ഗുളികയും മാത്രം കൊടുത്തുകൊണ്ട് രോഗം സുഖപ്പെടുത്താമെന്ന ധാരണയാണ് ലോകം വെച്ചുപുലർത്തുന്നത്.മയക്കുമരുന്ന് സൗഭാഗ്യവും ആശ്വാസവും സുഖസ്വപ്നങ്ങളും നൽകുമെന്ന നിലവിലെ ധാരണ ഇതിന്റെ ഫലമായുണ്ടായതാണ്. മനുഷ്യാസ്തിത്വത്തെക്കുറിച്ച ഡാർവിൻ സിദ്ധാന്തമാണ് ഇതിനെല്ലാം കാരണം. ശാസ്ത്രത്തെ വ്യാഖ്യാനിക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്ത ന്യൂട്ടനും ഇതേ കാഴ്ചപ്പാടിന് വിധേയനായിരുന്നു. ഡാർവിന്റെ പരിണാമസിദ്ധാന്തവും ന്യൂട്ടന്റെ ശാസ്ത്രവും സ്ഥാപിക്കാൻ ശ്രമിക്കുന്നത് പോലെ, ഭൗതികമായ തലച്ചോറിന്റെ ബലിയാടാണ് മനുഷ്യനെങ്കിൽ അവന്റെ അസ്തിത്വത്തിന്റെ ലക്ഷ്യ


ഐൻസ്റ്റീൻ

നമ്മുടെ മാനുഷിക ശേഷികളിൽ നിന്ന് ഒഴിപ്പിച്ചെടുക്കുകയും ചെയ്ത ആധുനിക വിദ്യാഭ്യാസത്തിന്റെ കെടുതികളാണ് ഇത്രയും.

ആധുനിക വിദ്യാഭ്യാസത്തിന്റെ ഈ വിലക്ഷണ സൂത്രവും, മനുഷ്യനെക്കുറിച്ച ഭാഗികദൃഷ്ടിയും തലമുറകളുടെ സ്വത്വാവിഷ്കാരത്തെയും സർഗാത്മകതയെയും പ്രതികൂലമായി ബാധിച്ചു. മനസ്സിന്റെയും ആത്മാവിന്റെയും സ്വാഭാവിക വളർച്ചയെ ദോഷകരമായി സ്വാധീനിച്ചു. സകല ദുരിതങ്ങളുടെയും വാതായനങ്ങൾ തുറന്നിട്ടു. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലേക്ക് ഇതിന്റെ കെടുതികൾ വ്യാപിച്ചു. വിവിധ വാർത്താമാധ്യമങ്ങൾ മനുഷ്യന്റെ കുറ്റങ്ങളെയും കുറവുകളെയും ചീത്ത പ്രവൃത്തികളെയും കേന്ദ്രീകരിച്ച് പ്രചാരണം കൊടുക്കുന്നു. വൈദ്യശാസ്ത്ര മേഖലയിലാവട്ടെ, മാനസികവും ആത്മീയവുമായ സ്വാധീനങ്ങളെക്കുറിച്ച് ഡോക്ടർമാർ അജ്ഞത നടിക്കുന്നു. രോഗങ്ങൾക്ക് നിദാനമായ ഭൗതിക കാരണങ്ങളെക്കുറിച്ച് മാത്രം അന്വേഷിക്കുന്നു. ജനനം മുതൽ നാം ശീലിച്ചുപോന്ന ഉപഭോഗ സംസ്കാരമാണ് ഈ ദുരന്തത്തിന് കാരണം. കൃത്രിമ ഭക്ഷണങ്ങൾ വ്യവസായ സാങ്കേതികതയുടെ പുരോഗതിയായി നാം തെറ്റിദ്ധരിക്കുന്നു. യഥാർത്ഥത്തിൽ അത് അനുഗ്രഹമല്ലെന്നതാണ് വസ്തുത. ഭക്ഷണ നിർമാണ കമ്പനികൾ കവിഞ്ഞ അളവിൽ ഭക്ഷണം കഴിക്കാൻ നമ്മെ നിർബന്ധിക്കുന്നു. ഇത് മൂലം രോഗം വർധിക്കുന്നു അത് ആശുപത്രികൾക്ക് വരുമാനമാർഗമാകുന്നു.

ഇരുഗ്രന്ഥകാരന്മാരും വിഷയം സംഗ്രഹിച്ചുകൊണ്ടെഴുതുന്നു: 'ഉൽപദാനം, ഉപഭോഗം, രോഗം, സൗഖ്യം, ഉൽപാദനം, ഉപഭോഗം എന്ന ക്രമത്തിൽ ഭൗതിക മാത്രമായ ജീവിതശൈലി മാത്രം നാം തലമുറകളെ പഠിപ്പിച്ചാൽ മതിയോ? അതോ, അവർക്ക് അവരുടെ സ്വത്വത്തെക്കുറിച്ച് കവിഞ്ഞധാരണ നാം സൃഷ്ടിച്ചുകൊടുക്കേണ്ടതില്ലേ? മഹത്തായ ലക്ഷ്യങ്ങൾ കണ്ടെത്താനും അവയുടെ വിശാലമായ പ്രായോ

**മനുഷ്യേതര ജീവികളുടെ ജീവിതം ഭൗതികാവശ്യങ്ങൾ നേടിയെടുക്കുന്നതിൽ മാത്രം പരിമിതമാണ്. അതേസമയം താൻ വിശ്വസിക്കുന്ന മൂല്യങ്ങൾക്കോ, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കോ വേണ്ടി സ്വന്തം താൽപര്യങ്ങൾ ബലികഴിക്കാൻ മനുഷ്യൻ സന്നദ്ധനാണ്. ഈ ത്യാഗബോധം എല്ലാ മതങ്ങളുടെയും ചരിത്രത്തിൽ നമുക്ക് കാണാൻ കഴിഞ്ഞ സത്യമാണ്.**

മെന്ത്? ഭൗതിക ജീവിതത്തിനും ഭൗതികാനന്ദത്തിനും അപ്പുറം മനുഷ്യന്ന് ഒരു ജീവിതമുണ്ടോ? എന്താണ് മനുഷ്യന്റെ ഉത്തരവാദിത്വം? തെറ്റുകളുടെ പേരിൽ അവൻ എന്തിന് വിചാരണ ചെയ്യപ്പെടണം? നന്മയുടെ പേരിൽ എന്തിന് പ്രതിഫലം നൽകപ്പെടണം? നമ്മെ ശാരീരിക ആവശ്യങ്ങളുടെ തടവറയിൽ തളച്ചിടുകയും, നമ്മെ

ഗിക സാധ്യത വികസിപ്പിച്ചെടുക്കാനും കുട്ടികൾക്ക് കഴിയണമെന്നതിൽ സംശയമില്ല. മനുഷ്യ പ്രകൃതിക്കനുഗുണമായ ഏകീകൃതവും വിശാലവും സമഗ്രവും അഗാധവുമായ നൂതന തത്ത്വങ്ങളിൽ നാം നമ്മുടെ വിദ്യാഭ്യാസത്തെ പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു'(9)

തുടർന്ന്, 'യന്ത്രത്തിൽ നിന്ന് മനുഷ്യനിലേക്ക്' 'തല

ച്ചോറും ബുദ്ധിയും പഠിക്കുന്നതെങ്ങ നെ?' 'ജീവിതത്തിന്റെ അർത്ഥം കണ്ടെ ത്താനും സജീവമായ വിജ്ഞാനത്തെ വികസിപ്പിക്കാനുമുള്ള വിദ്യാഭ്യാസ ത്തിനുവേണ്ടി' എന്നീ അധ്യായങ്ങളിൽ ഗ്രന്ഥകാരന്മാർ മനുഷ്യനെ ഗൗരവമായി ചർച്ചചെയ്യുന്ന തരം വിദ്യാഭ്യാസം വിക സിപ്പിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു.

ആധുനിക വിദ്യാഭ്യാസം നേരി ടുന്ന ഇത്തരം പ്രതിസന്ധികളൊന്നുമി ല്ലാതെ ഇസ്‌ലാമിക വിദ്യാഭ്യാസം മനു



ന്യൂട്ടൺ

(അൽ ഹിജ്ർ:26). പൂർവകാല ഖുർആൻ വ്യാഖ്യാതാക്കൾ മണ്ണ്, കളിമണ്ണ് എന്നി വയെപറ്റി വിവരിച്ചപ്പോൾ, ആധുനിക പ്രകൃതിശാസ്ത്രം അവിടവും കടന്ന് മണ്ണും കളിമണ്ണും മറ്റും ഉണ്ടാകുന്ന മൂല കങ്ങളെക്കുറിച്ച് അപഗ്രഥനം നടത്തി ക്കൊണ്ടിരിക്കുന്നു.

2) മനുഷ്യ സൃഷ്ടി പ്രക്രിയയു ടെ വികാസത്തെക്കുറിച്ച ഖുർആനിക വിവരണത്തിൽ നിന്ന് അത് പല ഇടവേ ളകളിലായാണ് സംഭവിച്ചിരിക്കുന്നതെന്ന് സൂചിതമാവുന്നുണ്ട്. തദ്വിഷയകമായ

**സ്വന്തം കാര്യങ്ങൾ നേടുക, ആവശ്യങ്ങൾ സാധിച്ചെടുക്കുക എന്നീ തത്ത്വങ്ങൾക്ക് വിരുദ്ധമാണ് ആത്മാർപ്പണം എന്ന തത്വം. താൽപര്യബോധമെന്നത് ജൈവികമാണ്. ത്യാഗബോധം മാനുഷികവും. താൽപര്യബോധം രാഷ്ട്രീയത്തിലെയും രാഷ്ട്ര സമ്പദ്ശാസ്ത്രത്തിലെയും ഒരു മൗലികാശയമാണെങ്കിൽ, ത്യാഗബോധം മതമൂല്യങ്ങൾ പ്രചോദിപ്പിക്കുന്ന മൗലികാശയമാണ്.**

ഷ്യനെക്കുറിച്ച് വസ്തുനിഷ്ഠമായ പുതിയൊരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. ഖുർആൻ നിർണയിച്ചുതന്ന പൊതു ചട്ടക്കൂടിൽ നിന്നുകൊണ്ട് മനുഷ്യരിലും ചക്ര വാളങ്ങളിലുമുള്ള ദൃഷ്ടാന്തങ്ങളിലൂടെയാണ് അത് ആശയം സമർപ്പിക്കുന്നത്.

ഈ വിഷയകമായ ഖുർആൻ സൂക്തങ്ങൾ മനുഷ്യ സൃഷ്ടി പ്രകൃതിയെക്കുറിച്ച് താഴെ ചേർത്ത വസ്തുത കൾ നിരത്തിവെക്കുന്നു.

1) ഭൂമിയിലൂടെ സഞ്ചരിച്ചും ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും രൂപങ്ങളെയും അവയുടെ വികാസ ത്തെയും ചരിത്രത്തെയും പഠിച്ച് 'സൃഷ്ടി' പ്രക്രിയയെ ക്കുറിച്ച് ഗവേഷണം നടത്താൻ ഖുർആൻ പ്രേരിപ്പിക്കു ന്നു. 'നബിയേ താങ്കൾ പറയുക! നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുക. എന്നിട്ട് അല്ലാഹു 'സൃഷ്ടി' ആരംഭിച്ച തെങ്ങനെയെന്ന് നിങ്ങൾ നിരീക്ഷിക്കുക' (അൻകബൂത്ത്:20) മനുഷ്യന്റെ അടിസ്ഥാനം, ശാരീരിക വളർച്ചയുടെ വികാസം മുതലായവ സംബന്ധിച്ച് പൊതു ഉൾക്കാഴ്ച കൾ നൽകിക്കൊണ്ട് ഖുർആൻ പറയുന്നു: 'താൻ സൃ ഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ. മനുഷ്യന്റെ സൃഷ്ടി കളിമണ്ണിൽ നിന്ന് അവൻ ആരംഭിച്ചു. പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തയിൽ നിന്ന് അവൻ ഉണ്ടാക്കി. പിന്നെ അവനെ ശരിയായ രൂപത്തിലാക്കുകയും, തന്റെ വകയായുള്ള ആത്മാവ് അവനിൽ ഊതുകയും ചെയ്തു. നിങ്ങൾക്കവൻ കേൾവിയും കാഴ്ചയും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. കുറച്ച് മാത്രമെ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ' (സജദഃ 7-9). 'കറുത്ത ചളി പാക പ്പെടുത്തിയുണ്ടാക്കിയ (മുട്ടിയാൽ) മുഴങ്ങുന്ന കളിമൺ രൂപത്തിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു'

ഖുർആൻ വചനങ്ങളുടെ ബാഹ്യമായ ആശയത്തിനും അപ്പുറമുള്ള അഗാധമായ രൂപത്തിലായിരിക്കും അത് സംഭവിച്ചിരിക്കുക. സൃഷ്ടിപ്പിന്റെ ആരംഭത്തെക്കുറിച്ച് ഭൂമിയിലൂടെ സഞ്ചരിച്ച് കണ്ടെത്തണമെന്ന ആഹ്വാനം പ്രസക്തമാവുന്നത് ഇവിടെയാണ്.

'നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദ ർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്ന് ഒരു മനു ഷ്യനെ സൃഷ്ടിക്കാൻ പോവുകയാണ്. അങ്ങനെ, ഞാൻ സംവിധാനിക്കുകയും അവനിൽ എന്റെ ആത്മാവിൽ നി ന്ന് ഞാൻ ഊതുകയുംചെയ്താൽ നിങ്ങൾ അവന്ന് പ്ര ണാമം ചെയ്യുന്നവരായി വീഴണം. അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം പ്രണാമം ചെയ്തു; ഇബ്‌ലീസൊ ഴികെ. അവൻ അഹങ്കരിക്കുകയും സത്യനിഷേധികളുടെ കൂട്ടത്തിലാവുകയും ചെയ്തു' (സ്വാദ്:71-74). 'ഞാനിതാ ഭൂമിയിൽ ഒരു പ്രതിനിധിയെ നിയോഗിക്കാൻ പോവുക യാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സ ന്ദർഭം! അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരേയാണോ നീ നിയോ ഗിക്കുന്നത്? ഞങ്ങളാകട്ടെ, നിന്റെ മഹത്വത്തെ പ്രകീർത്തി ക്കുകയും, നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യു ന്നവരല്ലേ? അവൻ (അല്ലാഹു) പഞ്ഞു: നിങ്ങൾക്കറിഞ്ഞു കൂടാത്തത് എനിക്കറിയാം! അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അ വൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപി ച്ചു: നിങ്ങൾ സത്യവാന്മാരെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞു തരിക. അവർ പറഞ്ഞു: നിനക്ക് സ് തോത്രം. നീ പഠിപ്പിച്ച് തന്നതല്ലാത്ത യാതൊരറിവും ഞ ങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധ ജ്ഞാനിയും. അനന്തരം അവൻ (അല്ലാഹു) പറഞ്ഞു:

ആദമേ, ഇവർക്ക് ഇവയുടെ നാമങ്ങൾ പറഞ്ഞുകൊടുക്കൂ. അങ്ങനെ അവൻ (ആദം) അവർക്ക് ആ നാമങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ആകാശ ഭൂമികളിലെ അദൃശ്യകാര്യങ്ങളും, നിങ്ങൾ വെളിപ്പെടുത്തുന്നതും, ഒളിച്ചുവെക്കുന്നതുമെല്ലാം എനിക്കറിയാമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ലേ? (അൽ ബഖറഃ 30–33).

മുകളിൽ ചേർത്ത സൂക്തങ്ങളിൽ നിന്ന് അല്ലാഹു മനുഷ്യന്റെ സൃഷ്ടിപ്പ് ഒന്ന് കഴിഞ്ഞ് മറ്റൊന്ന് എന്ന ക്രമത്തിൽ നാല് വ്യത്യസ്ത അവസ്ഥകൾക്കിടയിലൂടെയാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാകുന്നു.

1) മനുഷ്യ സൃഷ്ടിയുടെ രൂപവൽക്കരണം

2) അതിൽ ആത്മാവിന്റെ സന്നിവേശം

3) നാമങ്ങളുടെ അഭ്യസനം, അഥവാ പ്രാപഞ്ചിക യാഥാർഥ്യങ്ങളെക്കുറിച്ച അഭ്യസനം

4) മനുഷ്യന്റെ വൈജ്ഞാനിക ശേഷികളുടെ മലക്കുകളുടെ മുമ്പിലുള്ള അവതരണവും ഇതര സൃഷ്ടികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യനുള്ള സവിശേഷ ശേഷികളെക്കുറിച്ച് മലക്കുകളുടെ ഭാഗത്ത് നിന്നുള്ള അംഗീകരണവും.

**ബശർ, ഇൻസാൻ: പദാന്തരം**

മനുഷ്യ സൃഷ്ടിയുമായി ബന്ധപ്പെട്ട മേൽ സവിശേഷഘട്ടത്തെ ബലപ്പെടുത്തുന്നതാണ്, മനുഷ്യനെക്കുറിച്ച 'ബശർ' 'ഇൻസാൻ' എന്നീ പദപ്രയോഗങ്ങൾ. ഒരേ ആശയം കുറിക്കാൻ ഖുർആനിൽ ഒന്നിലധികം പദങ്ങളില്ലെന്ന പണ്ഡിതന്മാരുടെ അഭിപ്രായം മുഖവിലക്കെടുത്താൽ, 'ബശർ' 'ഇൻസാൻ' എന്നിവ വ്യത്യസ്തമായ അർഥാശയങ്ങളാണ് ധ്വനിപ്പിക്കുന്നത്. അതായത്, 'ബശർ' എന്ന അസ്തിത്വം തുടർന്ന് 'ഇൻസാൻ' എന്ന മറ്റൊരസ്തിത്വം. മറ്റൊരു വിധം പറഞ്ഞാൽ, മനുഷ്യനിൽ 'ബശർ' എന്ന അവസ്ഥ പോലെ 'ഇൻസാൻ' എന്ന അവസ്ഥയും ഉണ്ട്. 'നഫസ (ശ്വസിച്ചു) എന്ന ക്രിയയിൽ നിന്ന് നിഷ്പന്നമാണ് 'നഫ്സ്' 'നുഫൂസ്'.


റെനറ്റ് കെയ്ൻ

'അൻഫുസ്' 'തനഫ്ഫുസ്' 'നഫസ്' എന്നിവയും തഥൈവ. മനുഷ്യ ജീവിതം 'ശ്വസന'വുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഓരോ സെക്കന്റിലും അനുഭവിച്ചറിയുന്നവരാണ് നാം. ഇതനുസരിച്ച് ജീവനുള്ള മനുഷ്യൻ തന്റെ ശാരീരിക ധർമങ്ങൾ നിർവഹിക്കുന്നതും, ശ്രവണം, ദർശനം, ബുദ്ധി മുതലായവ പ്രയോഗിക്കുന്നതും 'നഫ്സ്' എന്ന അസ്തിത്വം എന്ന നിലയിലാണ്. ഇതിനിടയിലെല്ലാം അവൻ പ്രാണവായു ശ്വസിച്ചുകൊണ്ടിരിക്കുന്നു. ജനനത്തിനുമുമ്പ് നേരിട്ടല്ലാതെ മാതാവിന്റെ രക്തത്തിലൂടെയും ജനനാന്തരം നേരിട്ടും ശ്വസനം നടത്തുന്നു. ഈ വസ്തുതയെ ആധാരമാക്കി നമുക്ക് മനുഷ്യാസ്തിത്വത്തെ ഇങ്ങനെ നിർവചിക്കാം:

**1) ജസദ് + നഫ്സ് = ബശർ**

**2) ബശർ + റൂഹ് = ഇൻസാൻ**

**3) ജസദ് + നഫ്സ് + റൂഹ് = ഇൻസാൻ.**

'ബശർ' എന്ന പദത്തിൽ 'ഇൻസാൻ' എന്ന ആശയമുണ്ട്. എന്നാൽ 'ബശർ' എന്ന പദത്തിൽ 'ഇൻസാൻ' എന്ന പദത്തിന്റെ വിവക്ഷയില്ല. കളിമണ്ണ് കൊണ്ട് ഉണ്ടാക്കിയ മനുഷ്യരൂപത്തിൽ അല്ലാഹു തന്റെ ആത്മാവ് (റൂഹ്) സന്നിവേശിപ്പിച്ചപ്പോൾ 'നഫ്സ് ബശരിയ്യഃ' 'നഫ്സ് ഇൻസാനിയ്യഃ'യായിമാറി. അതായത്, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്ന മനുഷ്യർ പരസ്പരം ഇണങ്ങി മെരുങ്ങി തന്റെ ജീവിതത്തെ വികസിപ്പിക്കുകയും ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ കാണുകയും ചെയ്തു.

ആത്മാവ് അല്ലാഹുവിന്റെ അദൃശ്യകാര്യങ്ങളിൽ പെട്ടതാണ്. അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധ്യമല്ല. മനുഷ്യന്റെ ജീവിതപെരുമാറ്റങ്ങളിൽ അതിന്റെ അടയാളങ്ങൾ കണ്ടെത്തി കാര്യങ്ങൾ ഗ്രഹിക്കാനെ നമുക്ക് കഴിയുകയുള്ളൂ. 'അവർ താങ്കളോട് ആത്മാവിനെ പറ്റി ചോദിക്കുന്നു. താങ്കൾ പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല' (അൽ ഇസ്റാഅ്:85) എങ്കിലും, ആത്മാവിന്റെ അടയാളങ്ങൾ മനുഷ്യ ജീവിതത്തിൽ മൂന്നുതരത്തിൽ നമുക്ക് അനുഭവവേദ്യമാവുന്നുണ്ട്.

1) മതം അഥവാ സത്യത്തിന്റെയും അസത്യത്തിന്റെയും ഹലാലിന്റെയും ഹറാമിന്റെയും മാനദണ്ഡങ്ങൾ.

2) സ്വഭാവ മൂല്യങ്ങൾ അഥവാ ശ്രേഷ്ഠ ഗുണങ്ങളുടെയും ദുർഗുണങ്ങളുടെയും മാനദണ്ഡങ്ങൾ.

3) കല അഥവാ സൗന്ദര്യത്തിന്റെയും വൈരൂപ്യത്തിന്റെയും മാനദണ്ഡങ്ങൾ.

മേൽ മൂന്നു പ്രകടഭാവങ്ങളാണ് മനുഷ്യനെയും

**മനുഷ്യൻ തന്റെ ശാരീരിക പ്രകൃതിയോടും സ്ഥിതിസാഹചര്യങ്ങളോടും പൊരുതി നിരന്തരമായി പ്രവർത്തിച്ച് പുരോഗമിച്ചുകൊണ്ടേയിരിക്കുന്നു. അതേസമയം, ജീവികൾ അവയുടെ ജൈവ സാഹചര്യങ്ങളോട് പൊരുതുന്നില്ല. അവയെ വലയം ചെയ്ത പ്രകൃതിയുടെ പ്രതിഫലനത്തിന് വിധേയമാവുകയല്ലാതെ, പ്രകൃതിയിൽ അവയാതൊരു സ്വാധീനവും ചെലുത്തുന്നില്ല.**

ജീവികളെയും തമ്മിൽ അടിസ്ഥാപരമായി വേർതിരിക്കുന്നത്.ഇവയ്ക്ക് മനുഷ്യനോളം പഴക്കമുണ്ട്. മനുഷ്യാത്മാവിനെ വിജ്ഞാനവും ശിക്ഷണവും നൽകി സംസ്കരിക്കുന്നതിനും ഇതിന് അവസരം ലഭിക്കാതിരിക്കുന്നതിനും അനുസരിച്ച് അത് മനുഷ്യ ജീവിതത്തിൽ ഏറിയോ കുറഞ്ഞോ പ്രകടമാവുകയോ പ്രകടമാവാതിരിക്കുകയോ ചെയ്യുന്നു.

ഇസ്‌ലാമിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർ ആത്മാവിന്റെ യാഥാർഥ്യത്തെ അല്ലാഹുവിന്റെ സൃഷ്ടിസ്വകാര്യമായി സൂക്ഷിക്കുന്നതിന്റെ യുക്തി മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഈ രഹസ്യം മനുഷ്യന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ താൻ എങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടതെന്ന് അവൻ മനസ്സിലാക്കുകയും അവൻ സ്വയം ദൈവമാവുകയും ചെയ്തേനെ.

ആത്മാവ് ഉള്ളതും ഇല്ലാത്തതുമായ മനുഷ്യാസ്തിത്വത്തെക്കുറിച്ച് നാം പറഞ്ഞ കാഴ്ചപ്പാട് മനുഷ്യനെക്കുറിച്ച ഖുർആന്റെ പരാമർശങ്ങളിൽ നിന്ന് ഉരുത്തിരിച്ചെടുക്കാൻ കഴിയും. ബഹുദൈവവിശ്വാസികൾ പ്രവാചകന്മാരുടെ മാനുഷികമായ പ്രവർത്തനങ്ങളെയും പ്രവണതകളെയും മാത്രമെ കണ്ടിരുന്നുള്ളൂ. അതുകൊണ്ടു തന്നെ, ആഹാരം കഴിക്കുകയും അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്ന 'മനുഷ്യൻ' എങ്ങനെയാണ് ദൂതനാവുക എന്ന് ചോദ്യമുന്നയിക്കുകയുണ്ടായി. 'നീ ഞങ്ങളെപോലുള്ള ഒരു മനുഷ്യൻ മാത്രമാണ്' (ശുഅറാഅ്:154) ഇതേപോലെ, ഫിർഔൻ കുടുംബവും മൂസാ-ഹാറൂൻ പ്രവാചകന്മാരിൽ അവരുടെ ശാരീരിക അസ്തിത്വമേ കണ്ടുള്ളൂ. 'അപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളെ പോലുള്ള രണ്ടു മനുഷ്യരെ (ബശറൈൻ) ഞങ്ങൾ വിശ്വസിക്കുകയോ, അവരുടെ ജനത ഞങ്ങൾക്ക് വിധേയപ്പെട്ടിരിക്കെ' (മുഅ്മിനൂൻ:47) പ്രവാചകന്മാരെ നിഷേധിച്ച എല്ലാ സമൂഹങ്ങളും അതാത് പ്രവാചകന്മാരിൽ 'സാധാരണ മനുഷ്യരെ' മാത്രമേ കണ്ടിരുന്നുള്ളൂ. ഏറ്റവും താണ പടിയിലും, സാമ്പത്തികമായും കുടുംബപരമായും അധമാവസ്ഥയിലും കഴിയുന്ന കേവല മനുഷ്യരായ പ്രവാചകന്മാർക്ക് പരിഷ്ക്കരണ ചിന്തകൾ അവതരിപ്പിക്കാനും പ്രതിസന്ധികൾ പരിഹരിക്കാനും എങ്ങനെയാണ് കഴിയുക എന്ന് ശത്രുക്കൾ ദുർന്യായമുന്നയിച്ചു.

ആദമിന് സുജൂദ് ചെയ്യാനുള്ള അല്ലാഹുവിന്റെ കൽപന നിരാകരിച്ച ഇബ്‌ലീസ്, ആദമിൽ അദ്ദേഹത്തിന്റെ 'ശാരീരിക മാത്രമായ മനുഷ്യഭാവമെ' കണ്ടുള്ളൂ. അതായത്, മണ്ണിൽ നിന്ന് അഥവാ ചുട്ടുപഴുപ്പിച്ച കളിമണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ട കേവല മനുഷ്യനെ മാത്രമെ കണ്ടുള്ളൂ. '(ഇബ്‌ലീസ്) പറഞ്ഞു: കറുത്ത ചെളിപാകപ്പെടുത്തിയുണ്ടാക്കിയ മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് നീ സൃഷ്ടിച്ച ('ബശറി'ന്ന്) മനുഷ്യന് ഞാൻ പ്രണമിക്കേണ്ടവനല്ല' (അൽ ഹിജ്റ്:33).

വികാരവിചാരങ്ങൾക്കുടമയായ 'ബശർ' ആയ ആദം മതബോധമില്ലാതെയും മൂല്യപരമായ മനഃസാക്ഷി ഇല്ലാതെയും ചെയ്യുന്ന പ്രവൃത്തിയുടെ ദൂഷ്യം മനസ്സിലാക്കിയ മലക്കുകൾ അക്കാരണത്താൽ മനുഷ്യനെ ഭൂമിയിലെ പ്രതിനിധിയാക്കുന്നതിനെ ആശാസ്യമായി കാണാതിരുന്നതാണോ? മനുഷ്യനിലെ കേവല ജഢികാസ്തിത്വത്തെയും, വിജ്ഞാനവും ചിന്തയും രൂപപ്പെടുത്തുന്ന സവിശേഷ വ്യക്തിത്വത്തെയും തമ്മിൽ വേർതിരിക്കുന്ന കൃത്യമായ അതിർവരമ്പാണോ ആദം നബി എന്നതൊക്കെ പണ്ഡിതന്മാരും ഗവേഷകരും ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണ്. 'ബശർ' 'ഇൻസാൻ' എന്നിവയുടെ അർഥം മനുഷ്യൻ എന്നാണെങ്കിലും രണ്ടും തമ്മിൽ കൃത്യമായ ചില വ്യത്യാസങ്ങളുണ്ട്. മേൽ രണ്ട് പദങ്ങളും ഖുർആൻ പ്രയോഗിച്ചതിൽ നിന്ന് ഇത് മനസ്സിലാക്കാം. ഉദാഹരണമായി, പ്രണയവും ലൈംഗിക വികാരവുമാണ് ശാരീരികവേഴ്ചയിലേക്ക് സ്ത്രീപുരുഷന്മാരെ നയിക്കുന്നത്. ഇവിടെ മുന്നിൽ നിൽക്കുന്നത് 'ശരീര'മാണ്. ദൈവദത്തമായ കുഞ്ഞിനെ ലഭിക്കാൻ പോകുന്നു എന്ന് ജിബ്‌രീൽ സന്തോഷവാർത്ത അറിയിച്ചപ്പോൾ ഭർത്താവില്ലാത്തതിനാൽ 'ശാരീരിക' വേഴ്ചക്കവസരമില്ലാത്ത താൻ എങ്ങനെയാണ് ഗർഭിണിയാവുക എന്നായിരുന്നു മർയമിന്റെ ന്യായാമായ സംശയം. 'എന്റെ നാഥാ, ഒരു മനുഷ്യൻ (ബശർ) എന്നെ സ്പർശിച്ചിട്ടില്ലെന്നിരിക്കെ എങ്ങനെയാണ് എനിക്ക് കുട്ടിയുണ്ടാവുക? (ആലുഇംറാൻ:47).

'അവൾ (മർയം) പറഞ്ഞു: എങ്ങനെയാണ് എനിക്ക് ഒരു കുഞ്ഞുണ്ടാവുക? എന്നെ മനുഷ്യൻ (ബശർ) സ്പർശിച്ചിട്ടില്ല, ഞാൻ വേശ്യയുമല്ല' (മർയം:20). അതായത്, ശാരീരിക ബന്ധത്തിന് നിമിത്തമാവുന്ന ലൈംഗിക വികാരമോ, തുടർന്നുള്ള വേഴ്ചയോ ഉണ്ടായിട്ടില്ലെന്നിരിക്കെ സന്താന സൗഭാഗ്യം ഉണ്ടാവുന്നതെങ്ങനെയെന്നാണ് മർയം നിരീക്ഷിക്കുന്നത്. ഇവിടെ 'ഇൻസാൻ' എന്നതിന് പകരം 'ശരീരപ്രധാനമായ മനുഷ്യൻ' എന്ന അർഥത്തിലുള്ള 'ബശർ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

മറ്റൊരു സൂക്തം കാണുക: (നബിയേ) നിനക്ക് മുമ്പ് ഒരു മനുഷ്യ(ബശറി)ന്നും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യജീവികളായിരിക്കുമോ?' (അൽ അമ്പിയാഅ്:34) ഇവിടെ 'ജസദും' 'നഫ്സും' ചേർന്ന 'ബശർ' എന്ന ജഢികാസ്തിത്വത്തിന്റെ മരണമാണുദ്ദേശ്യം. മറ്റൊരുദാഹരണം: സത്യനിഷേധികൾക്കുള്ള മറുപടിയായി ഖുർആൻ പറഞ്ഞു: 'നബിയേ, താങ്കൾ പറയുക, ഞാൻ നിങ്ങളെ പോലുള്ള മനുഷ്യൻ (ബശർ) മാത്രമാകുന്നു; എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നു' (കഹ്ഫ്:110), ഫുസ്സിലത്ത്:6) ദിവ്യബോധനം ലഭിക്കുന്നതിനു മുമ്പ് അദ്ദേഹം 'ബശർ' മാത്രമായിരുന്നു. അത് ലഭിച്ചതോടെ പ്രവാചകനും ദൂതനുമായ ('ഇൻസാൻ') മനുഷ്യനായിത്തീർന്നു. ഈന്തപ്പന പരാഗണം പോലുള്ള വിഷയങ്ങളിൽ തനിക്ക് സംഭവിച്ച പിഴവ് 'മാനുഷിക'മാണെന്ന് നബി (സ) തിരുത്തിയ സംഭവം പ്രസിദ്ധമാണല്ലോ.

إنما أنا بشر مثلكم وإن الظن يخطئ ويصيب
ولكن ما قلت لكم:قال الله فلن أكذب على الله


'ഞാൻ നിങ്ങളെ പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്, തീർച്ചയായും ഊഹം ശരിയാവുകയും തെറ്റുകയും ചെയ്യാം, പക്ഷെ 'അല്ലാഹു പറഞ്ഞു' എന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ല. ഞാൻ ഒരിക്കലും അല്ലാഹുവിന്റെ പേരിൽ കള്ളം പറയില്ല'.(10)

إنّمَا أنا بَشر إذا أمرتكم بشيء من دينكم فخذوا به،
وإذا أمرتكم بشيء من رأيي فإنما أنا بشر

'ഞാൻ ഒരു മനുഷ്യൻ മാത്രമാണ്, നിങ്ങളുടെ ദീനിന്റെ വല്ല കാര്യവും ഞാൻ നിങ്ങളോട് കൽപിച്ചാൽ നിങ്ങൾ അത് സ്വീകരിക്കുക. ഞാൻ എന്റെ അഭിപ്രായമനുസരിച്ച് നിങ്ങളോട് വല്ലതും കൽപിച്ചാൽ ഞാൻ ഒരു മനുഷ്യൻ മാത്രമാണ് (എന്ന് നിങ്ങൾ മനസ്സിലാക്കുക).(11)

കുറ്റവാളികൾ നരകത്തിൽ അനുഭവിക്കുന്ന ശിക്ഷയെ സംബന്ധിച്ച് പറയുന്നത് കാണുക: 'അത് (നരകം) ഒന്നും ബാക്കിയാക്കുകയോ, വിട്ടുകളയുകയോ ഇല്ല. അത് തൊലികരിച്ച് രൂപം മാറ്റിക്കളയുന്നതാകുന്നു' (മുദ്ദസിർ:28,29). 'ആത്മീയാംശമുള്ള മാനുഷികത'യേക്കാൾ 'ജഡപ്രധാനമായ മാനുഷികത' വർധിച്ചതിനാൽ, അതായത്, ജഡപ്രധാനമായ ദേഹേഛകൾക്ക് വശംവദരായി ത്തീർന്നതിനാലാണ് കുറ്റവാളികൾ നരകത്തിലെത്തിയത്. 'തീർച്ചയായും അത് (നരകം) ഗൗരവമുള്ള കാര്യങ്ങളിൽ ഒന്നാകുന്നു. ബശറിന്ന് – ജഢ പ്രധാനമായ ജീവിതം നയിച്ചുകൊണ്ടിരിക്കുന്ന – മനുഷ്യർക്ക് ഒരു താക്കീത് എന്ന നിലയിൽ' (മുദ്ദസിർ:35,36) ജഢികേഛകൾക്ക് വിധേയരായി മാനുഷിക ദൗർബല്യങ്ങളുടെ തടവറയിൽ കഴിഞ്ഞിരുന്ന 'മനുഷ്യർ' എന്നാണ് ഇവിടെ 'ബശർ' എന്നതിന്റെ വിവക്ഷ.

ഇതുപോലെ, മനുഷ്യോൽപത്തിയുടെ പ്രഥമ ഘട്ടങ്ങളെക്കുറിച്ച് പറയുമ്പോഴെല്ലാം, 'ഇൻസാൻ' എന്നതിനു പകരം 'ബശർ' എന്നാണ് ഉപയോഗിച്ചിട്ടുള്ളതെന്നതും ശ്രദ്ധേയമാണ്. ഉദാഹരണം: 'നിന്റെ രക്ഷിതാവ് മലക്കുകളോട് ഇപ്രകാരം പറഞ്ഞസന്ദർഭം ശ്രദ്ധേയമാകുന്നു: കറുത്തചെളി പാകപ്പെടുത്തിയുണ്ടാക്കിയ മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു' (ഹിജ്റ്:28) 'നിന്റെ രക്ഷിതാവ് മലക്കുകളോട്, തീർച്ചയായും ഞാൻ മണ്ണിൽ നിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു എന്നു പറഞ്ഞ സന്ദർഭം' (സ്വാദ്:71) 'അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും, അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. നിന്റെ രക്ഷിതാവ് കഴിവുള്ളവനാകുന്നു' (ഫുർഖാൻ:54) (ഇവിടെയെല്ലാം ശരീര പ്രധാനമായ മനുഷ്യനെ വ്യവഹരിക്കാൻ 'ബശർ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്).


ജെഫ്റി കെയ്ൻ

**മനുഷ്യൻ എഴുന്നേറ്റ് നടക്കാനും കൈകൾകൊണ്ട് പ്രവർത്തിക്കാനും, സംസാരിക്കാനും, ബുദ്ധി പ്രയോഗിക്കാനും തുടങ്ങിയത് മുതൽക്കാണ് ജീവി എന്ന അവസ്ഥയിൽ നിന്ന് മനുഷ്യനായതെന്ന ആധുനിക ശാസ്ത്രത്തിന്റെ വാദം സമ്മതിക്കാൻ നിവൃത്തിയില്ല. നിഷിദ്ധങ്ങളും വിലക്കുകളും പഠിപ്പിച്ച പ്രഥമ മതത്തിന്റെ ആവിർഭാവം മുതൽക്കാണ് മനുഷ്യൻ രംഗത്തുവന്നതെന്ന് സാരം.**

അതേസമയം, ബുദ്ധിപരവും ചിന്താപരവും സാമൂഹികവും നന്മതിന്മകളുടെയും സത്യാസത്യങ്ങളുടെയും അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിക്കുന്ന മനുഷ്യസ്വത്വം അഥവാ മനുഷ്യാത്മാവ് എന്ന നിലയിൽ പരിചയപ്പെടുത്തുമ്പോൾ മനുഷ്യനെ 'നഫ്സ്' ആത്മാവ് (നഫ്സ്) എന്നാണ് ഖുർആൻ വ്യവഹരിച്ചിരിക്കുന്നത്. 'മനുഷ്യാത്മാവിനെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ! എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു' (അശ്ശംസ്:7–10).

മനുഷ്യൻ എന്നതിന് ഖുർആനിൽ പ്രയോഗിച്ചിട്ടുള്ള മറ്റൊരു പദമായ 'ഇൻസാൻ' അഥവാ 'ഇൻസ്' നിഷ്പന്നമായിട്ടുള്ള 'ഉൻസ്' എന്ന പദം പരസ്പരം സ്നേഹസഹകരണത്തിലൂടെ ഇണങ്ങിയും മെരുങ്ങിയും സ്ഥാപിച്ചെടുക്കുന്ന കൂട്ടായ്മയെ പ്രകാശിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. ഉദാഹരണം: 'അങ്ങനെ മൂസാ ആ അവധി നിറവേറ്റുകയും , തന്റെ കുടുംബത്തെയുമായി യാത്രപോവുകയും ചെയ്തപ്പോൾ പറഞ്ഞു: നിങ്ങൾ നിൽക്കൂ, ഞാനൊരു തീ കണ്ടിരിക്കുന്നു. അവിടെനിന്ന് വല്ല വിവരമോ, അല്ലെങ്കിൽ ഒരു തീകൊള്ളിയോ ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നുതന്നേക്കാം. നിങ്ങൾക്ക് തീ കയാമല്ലോ'(അൽ ഖസ്വസ്:29). 'മൂസാ തന്റെ കുടുംബത്തോട് പറഞ്ഞ സന്ദർഭം! 'തീർച്ചയായും ഞാൻ തീ കണ്ടിരിക്കുന്നു. അതിന്റെ അടുത്ത് നിന്ന് ഞാൻ നിങ്ങൾക്ക് വല്ല വിവരവും കൊണ്ടുവരാം. അല്ലെങ്കിൽ അതിൽ നിന്ന് ഒരുതിരിനാളം കൊളുത്തി എടുത്ത് ഞാൻ നിങ്ങൾക്ക് കൊണ്ടുവരാം. നിങ്ങൾക്ക് തീകായാമല്ലോ'(അന്നംല്7). 'ഞാൻ ഒരു തീ കണ്ടിരിക്കുന്നു. ഞാൻ അതിൽ നിന്ന് കത്തിച്ചെടുത്തുകൊണ്ട് നിങ്ങളുടെ അടുത്തേക്ക് വന്നേക്കാം. അല്ലെങ്കിൽ തീയുടെ അടുത്ത് വല്ല വഴികാട്ടിയേയും ഞാൻ കണ്ടേക്കും' (ത്വാഹാ:10) മേൽ സൂക്ത

ങ്ങളിലെല്ലാം 'ആനസ്ത്തു ' ആനസ' എന്നീ ക്രിയകൾ ഇണക്കത്തിന്റെയും പരസ്പര സഹകരണത്തിന്റെയും ആശയമാണ് പങ്ക്വെക്കുന്നത്. 'ഖബർ' (വാർത്ത), 'ഹുദാ' (മാർദർശനം) 'ശിഹാബ് ഖബസ്' (തിരിനാളം), 'ഖബസ്' (കത്തിച്ചെടുത്ത തീ) 'നാറ്' (തീ) എന്നിങ്ങനെ അന്യോന്യം കൈമാറുന്ന നന്മയാണ് ഇവയിലെ പ്രതിപാദ്യം. 'ആനസ' എന്ന ക്രിയാപദം വരുന്ന മറ്റ് സൂക്തങ്ങളിലും ഇതേ ആശയം ദീക്ഷിച്ചിരിക്കുന്നു. ഉദാഹരണം: 'നിങ്ങൾ അവരിൽ കാര്യബോധം കാണുന്നപക്ഷം അവരുടെ സ്വത്തുക്കൾ അവർക്ക് (അനാഥകൾക്ക്)വിട്ടുകൊടുക്കുക' (അന്നിസാഅ്:6) 'ഹേ, സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾകടക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ! (അന്നൂർ:27) 'നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോവുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കരുത്...' (അഹ്സാബ്:53).

'ഇൻസാൻ' എന്ന പദത്തിന് ഖുർആനിൽ മൂന്ന് ബഹുവചന രൂപങ്ങൾ ഉപയോഗിച്ചിരിക്കുന്നു. സാമൂഹിക ഇടപഴക്കങ്ങൾ, പ്രവർത്തനങ്ങൾ, നാഗരികവും സാംസ്കാരികവുമായ ആഭിമുഖ്യങ്ങൾ എന്നിവ പ്രകാശിപ്പിക്കുന്നവർ എന്ന നിലയിൽ മൊത്തം മനുഷ്യവംശത്തെ ഉദ്ദേശിച്ച് ഉപയോഗിച്ചിട്ടുള്ള 'അന്നാസ്' എന്ന പദപ്രയോഗമാണ് ഇവയിൽ പ്രഥമവും പ്രധാനവും. ഉദാഹരണം: 'ജനങ്ങളേ, നിങ്ങൾ നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ നാഥന് ഇബ്ദത്ത് ചെയ്യുക, നിങ്ങൾ ഭക്തിയുള്ളവരായേക്കാം' (അൽ ബഖറഃ21) നിർണിതമായ സംസ്കാരവും ആഭിമുഖ്യങ്ങളും സവിശേഷമായ പ്രവർത്തനങ്ങളുമുള്ള പ്രാദേശികമായ കൂട്ടായ്മകളെ സൂചിപ്പിക്കാനായി ഉപയോഗിച്ച 'ഉനാസ്' എന്ന പദമാണ് രണ്ടാമത്തേത്. 'ജനങ്ങളിൽ ഓരോവിഭാഗവും അവരവർക്ക് വെള്ളമെടുക്കാനുള്ള സ്ഥലങ്ങൾ മനസ്സിലാക്കി' (ബഖറഃ 60, അൽ അഅ്റാഫ്:160).

മനുഷ്യദൃഷ്ടികൾക്ക് ഗോചരമല്ലാത്ത 'ജിന്ന്' എന്ന പേരിൽ അറിയപ്പെടുന്ന സൃഷ്ടികളിൽ നിന്ന് മനുഷ്യരെ വേർതിരിക്കാനായി ഉപയോഗിച്ച 'ഇൻസ്' എന്ന പ്രയോഗമാണ് മൂന്നാമത്തേത്. 'അപ്രകാരം, നാം എല്ലാ പ്രവാചകന്മാർക്കും മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കളെ ശത്രുവാക്കിയിരിക്കുന്നു' (അൻആം:112) 'ഇൻസാൻ' എന്ന പദം ഖുർആനിൽ അറുപത്തിയഞ്ച് ഇടങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്, 'ഉനാസ്' എന്ന പദം അഞ്ചിടങ്ങളിലും 'അനാസിയ്യ്' എന്ന ബഹുവചനം അൽ ഫുർഖാൻ:49-ലും ഉപയോഗിച്ചിരിക്കുന്നു. 'നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലികൾക്കും മനുഷ്യർക്കും അത് (വെള്ളം) കുടിപ്പിക്കുവാനും വേണ്ടി 'ഇൻസ്' എന്ന പദം പതിനെട്ട് സ്ഥലത്ത് പ്രയോഗിച്ചിരിക്കുന്നു. മർയം: 19-ാം സൂക്തത്തിൽ 'ഇൻസിയ്യ്' എന്നാണ് പ്രയോഗം.

സത്യവിശ്വാസിത്തിലേക്കും സന്മാർഗത്തിലേക്കും ക്ഷണിക്കുന്നയും സത്യനിഷേധത്തിൽ നിന്നും മാർഗഭ്രംശത്തിൽ നിന്നും വിലക്കുന്നയും ഖുർആൻ സൂക്തങ്ങളിൽ 'മനുഷ്യരേ!' എന്ന് അഭിസംബോധന ചെയ്യാൻ 'യാ അയ്യുഹൽ ബശർ' എന്നതിനുപകരം ' യാഅയ്യുഹന്നാസ്' 'യാ അയ്യുഹൽ ഇൻസാൻ' എന്നാണ് ഉപയോഗിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. ചിന്താപരമായ സമീപനം, ഇഛാപരമായ സ്വാതന്ത്ര്യം, അതേതുടർന്ന് അല്ലാഹുവിന്റെ കൽപനകൾ ബാധകമാവുന്ന അവസ്ഥ, ഉത്തരവാദിത്വം, വിചാരണ മുതലായവയെക്കുറിച്ച് സംസാരിക്കുമ്പോൾ ഖുർആൻ 'നാസി'നോടാണ് അഭിസംബോധന ചെയ്യുന്നത്, 'നാസി'നെപറ്റിയാണ് സംസാരിക്കുന്നത്. 'ബശറി'നോടോ 'ബശറി'നെ പറ്റിയോ അല്ല. ചില ഉദാഹരണങ്ങൾ: 'മനുഷ്യരിൽ, ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുഎന്ന് പറയുന്നവരുണ്ട്. അവർ വിശ്വാസികളല്ല' (ബഖറഃ8) 'നിങ്ങൾ നിങ്ങളെ മറന്നുകൊണ്ട് ജനങ്ങളോട് പുണ്യം കൽപിക്കുകയാണോ?' (ബഖറഃ 44) 'താങ്കളെ നാം ജനങ്ങൾക്ക് ദൂതനായി നിയോഗിച്ചിരിക്കുന്നു' (അന്നിസാഅ്:79).

ചുരുക്കത്തിൽ, ഖുർആൻ മനുഷ്യന് 'ബശർ', 'ഇൻസാൻ' എന്നീ രണ്ടു തലങ്ങൾ നിർണയിച്ചിരിക്കുന്നു: ഒന്ന്: ഡാർവിൻ സിദ്ധാന്തം മുന്നോട്ട് വെക്കുന്ന ജീവികളുടെ പരിണാമമെന്ന ആശയത്തിൽ അകപ്പെടാതെ, മനുഷ്യന്റെ ആദിമൂലം കണ്ടെത്താൻ ആവശ്യമായ വ്യക്തമായ അടയാളങ്ങൾ നിർണയിക്കുക. രണ്ട്: സംശുദ്ധമായ വിദ്യാഭ്യാസത്തിന് മാത്രമെ 'മനുഷ്യ ശരീരത്തെയും' 'മനുഷ്യാത്മാവി'നെയും നല്ല രീതിയിൽ സൃഷ്ടിച്ചെടുക്കാൻ കഴിയുകയുള്ളൂ. ഈ തെറ്റായ രീതിയിൽ ശിക്ഷണം നൽകപ്പെടുന്ന വിദ്യാഭ്യാസ പദ്ധതികൾ 'മനുഷ്യ ശരീരത്തെയും ധാർമ്മാധർമങ്ങളുടെ കേന്ദ്രമായ 'മനുഷ്യാത്മാവിനെയും വിലക്ഷണമാക്കിത്തീർക്കും. അങ്ങനെ വരുമ്പോൾ മനുഷ്യൻ കേവല മാനുഷിക ജഢികാവസ്ഥകൾക്ക് വിധേയനുമായിത്തീരും.

വിവ: **അബ്ദുല്ലത്വീഫ് കൊടുവള്ളി**

**കുറിപ്പുകൾ**


1) Rone Dubos, Man Adapting (New Haven and London, Yale University, Press, 1973) P:2-3.

2) എന്റെ 'അഹ്ദാഫുത്തർബിയത്തിൽ ഇസ്ലാമിയ്യഃ' എന്ന കൃതിയിലെ, 'തർബിയത്തുൽ ഖുദ്റാത്തിൽ അഖ്ലിയ്യഃ' എന്ന ഭാഗം കാണുക.

3) Rene Dubos, Beast of Animal, (New York: Charles Scribner's Sons, 1974) P:71.

4) അലി ഇസ്സത്ത് ബെഗോവിച്ച്, അൽ ഇസ്‌ലാം ബൈന ശ്ശർഖി വൽ ഗർബ്, പേ:47-66.

Alija Ali Izer begoric, Islam between Ecar and west, PP:5-40.

5) Renate caine and Geottry caire Education on the edge of passiobility, Alexandria VA, Association for Supervision and Carriculum Develepment, 1997, p:12

6) അതേകൃതി: പേ:16

7) Caine and Caine, Op.cit, 54

8) അതേകൃതി: പേജ്:55

9) Caine and Caine, Op.cit, 78-100

10) السيوطي صحيح الجامع الصغير تحقيق الألباني رقم:٢٣٤١ نقلا عن مسلم والنسائي.

11) نفس المصدر رقم: ٢٣٣٨.


■